# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2013 — 13.06.2019- ൽ മറുപടിയ്ക്ക്

### ജയിൽ തടവുകാരുടെ ക്ഷേമവും പുനരധിവാസവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി.കെ. ശശി<br>ശ്രീ. കെ ദാസൻ<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. ഐ.ബി. സതീഷ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്ത് ജയിൽ തടവുകാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും സ്വഭാവ പരിവർത്തനത്തിനുമായി നടപ്പിലാക്കിവരുന്ന കർമ്മപദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (എ) | തടവുകാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും സ്വഭാവ പരിവർത്തനത്തിനുമായി തടവുകാരുടെ ക്ഷേമം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ തൊഴിൽ പരിശീലന പരിപാടികൾ എല്ലാ വർഷവും നടപ്പിലാക്കി വരുന്നു. അന്തേവാസികളുടെ സ്വഭാവ പരിവർത്തനവും പുനരധിവാസവും ലക്ഷ്യം വച്ച് ജയിൽ മോചിതരാകുമ്പോൾ അവർക്ക് വിവിധ തൊഴിലുകളിൽ ഏർപ്പെട്ട് ജീവ സന്ധാരണത്തിനുള്ള മാർഗ്ഗം കണ്ടെത്തുവാനും തദ്വാര സമൂഹത്തിലെ ഉത്തമ പൗരന്മാരായി ജീവിക്കുന്നതിനും സാധിക്കുന്ന വിധത്തിൽ ഈ പരിശീലന പരിപാടികൾ പ്രയോജനപ്രദമായി തീരുന്നു. പ്രധാനപ്പെട്ട തൊഴിൽ പരിശീലന പരിപാടികൾ ചുവടെ ചേർക്കുന്നു :<br><br>പ്രൊഫഷണൽ സർട്ടിഫിക്കറ്റ് ഇൻ ഫയർ & സേഫ്റ്റി, ടൂ വീലർ, ഫോർ വീലർ സ്പെഷ്യലിസ്റ്റ്, സോളാർ പാനൽ ഇൻസ്റ്റലേഷൻ & മെയിന്റനൻസ്, ഇലക്ട്രീഷൻ കോഴ്സ്, ഹെയർ കട്ടിംഗ് & ബ്യൂട്ടീഷ്യൻ കോഴ്സ്, ഫുഡ് പ്രോസസ്സിംഗ് കോഴ്സ്, ഇൻഡസ്ട്രിയൽ ഫയർ & സേഫ്റ്റി, വെൽഡിംഗ് കം സ്റ്റീൽ ഫർണിച്ചർ നിർമ്മാണം, കമ്പ്യൂട്ടർ പരിശീലനം, സോപ്പ് നിർമ്മാണം, അലൂമിനിയം ഫാബ്രിക്കേഷൻ, സ്റ്റീൽ ഫാബ്രിക്കേഷൻ, ബുക്ക് ബൈൻഡിംഗ്, മെഴുകുതിരി നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം, തുണി സഞ്ചി നിർമ്മാണം, |

| | | | |
|---|---|---|---|
| | | | കുട നിർമ്മാണം, അലങ്കാര പുഷ്പ നിർമ്മാണം, ഹൗസ് ഹോൾഡ് ഐറ്റം റിപ്പയറിംഗ് , ഹാൻഡ് എംബ്രോയിഡറി, ഇലക്ട്രിക്കൽ വയർമാൻ, പ്ലംബിംഗ് & സാനിറ്ററി, ഗ്ലാസ് എച്ചിംഗ് & പെയിന്റിംഗ് , ടെറാകോട്ടാ ആഭരണ നിർമ്മാണം, മോട്ടോർ വൈൻഡിംഗ്, പ്രൊഫഷണൽ സർട്ടിഫിക്കറ്റ് ഇൻ ഹോട്ടൽ മാനേജ്മെന്റ്, ടെയ്‌ലറിംഗ്, മേസ്തിരി പണി, റബ്ബർ ടാപ്പിംഗ്, ചപ്പാത്തി മേക്കിംഗ്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, അഗ്രികൾച്ചർ ഫാമിംഗ്, ഡിജിറ്റൽ ക്യാമറ ഫോട്ടോഗ്രഫി & വീഡിയോഗ്രഫി , അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഒപ്റ്റിക്കൽ ഫൈബർ ടെക്നീഷ്യൻ & ഡിജിറ്റൽ സർവെയ്‌ലൻസ്, ഓട്ടോമോട്ടീവ് അപ്ഹോൾസ്റ്ററി. |
| (ബി) | ജയിൽ തടവുകാരുടെ കുറ്റവാസന ഇല്ലാതാക്കാനും അവരിൽ മാനുഷിക മൂല്യങ്ങൾ വളർത്തിയെടുക്കാനും പര്യാപ്തമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ ; | (ബി) | അന്തേവാസികളും മനുഷ്യരാണെന്നും ജയിലിൽ അടയ്ക്കപ്പെട്ടതുകൊണ്ട് അവരുടെ മനുഷ്യത്വം നഷ്ടപ്പെടുന്നില്ലായെന്നും സഞ്ചാര സ്വാതന്ത്ര്യം, തൊഴിലിനുള്ള സ്വാതന്ത്ര്യം എന്നിവ ഒഴികെയുള്ള എല്ലാ മാനുഷിക അവകാശങ്ങൾക്കും അർഹതയുണ്ടെന്നതിന്റെ അടിസ്ഥാനത്തിലാണ് ജയിലുകളിൽ വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. അന്തേവാസികളുടെ സ്വഭാവ പരിവർത്തനവും പുനരധിവാസവും ലക്ഷ്യം വച്ച് ജയിൽ മോചിതരാകുമ്പോൾ അവർക്ക് വിവിധ തൊഴിലുകളിൽ ഏർപ്പെട്ട് ജീവസന്ധാരണത്തിനുള്ള മാർഗ്ഗം കണ്ടെത്തുവാനും അതിലൂടെ സമൂഹത്തിലെ ഉത്തമ പൗരന്മാരായി ജീവിക്കുന്നതിന് സാധിക്കുന്നതിനുള്ള വിവിധ തൊഴിൽ പരിശീലന പരിപാടികൾ എല്ലാ വർഷവും നടപ്പിലാക്കി വരുന്നു. ഇതുവഴി ജയിൽ അന്തേവാസികളിൽ കുറ്റവാസന ഇല്ലാതാക്കുന്നതിനും മാനുഷിക മൂല്യങ്ങൾ വളർത്തിയെടുത്ത് പൊതുസമൂഹത്തിൽ ജീവിക്കുന്നതിന് പ്രാപ്തരാക്കുന്നതിനും സാധിക്കുന്നു. കൂടാതെ തടവുകാരുടെ മന:പരിവർത്തനത്തിനായി വിവിധ വിഷയങ്ങളിൽ മതപരവുമായ സാന്മാർഗ്ഗിക ബോധനം നടത്തിവരുന്നു. വിവിധ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ കൗൺസിലിംഗ്, വിനോദത്തിനുള്ള വിവിധ ക്ഷേമ |

| | | | |
|---|---|---|---|
| | | | പരിപാടികൾ എന്നിവയും സംഘടിപ്പിച്ചു വരുന്നു. |
| (സി) | ജയിൽ തടവുകാരുടെ ക്ഷേമ പ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിന് ജയിലുകളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (സി) | ശിക്ഷാപ്രതികൾ കഴിയുന്ന പ്രധാനപ്പെട്ട ജയിലുകളിൽ തടവുകാരെ വിവിധ തൊഴിലുകളിൽ നൈപുണ്യം ഉള്ളവരാക്കുന്നതിന് വിവിധ തൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. അപ്രകാരം ജയിലുകളിൽ നിന്നും വിവിധ തൊഴിലുകളിൽ പരിശീലനം ലഭിച്ച തടവുകാർക്ക് ജയിൽ മോചനത്തിനുശേഷം ടി തൊഴിലുകളെ ആശ്രയിച്ച് വരുമാനം ക ണ്ടെത്തുവാനും അതുവഴി അവരുടെ സമൂഹത്തിലുള്ള പുനരധിവാസം സാധ്യമാക്കുന്നതിനും സഹായകരമാകുന്നു. തൊഴിൽ പരിശീലന പരിപാടികൾക്കു പുറമെ കൗൺസിലിംഗ്, വിനോദ പരിപാടികൾ, സാക്ഷരത ക്ലാസുകൾ , സാക്ഷരരായവർക്ക് ഉയർന്ന വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ, തുല്യതാ ക്ലാസ്, കമ്പ്യൂട്ടർ ക്ലാസ്, ലൈബ്രറി സൗകര്യങ്ങൾ, വർത്തമാന പത്രങ്ങൾ, ടെലിവിഷൻ, എഫ്. എം. റേഡിയോ എന്നിവ അന്തേവാസികൾക്ക് ലഭ്യമാക്കി വരുന്നു. അന്തേവാസികളുടെ ക്ഷേമം ലക്ഷ്യമാക്കിക്കൊണ്ട് പ്രധാനപ്പെട്ട ജയിലുകളിൽ ക്ഷേമപ്രവർത്തനങ്ങളുടെ ഏകോപനത്തിനായി വെൽഫെയർ ഓഫീസർമാരെ നിയോഗി ച്ചിട്ടുണ്ട്. തടവുകാരുടെ വിനോദത്തിനായി എല്ലാ വർഷവും ജയിൽ ക്ഷേമദിനാഘോഷം സംഘടിപ്പിച്ചുവരുന്നു. തടവുകാരുടെ ക്ഷേമം പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന ഈ പരിപാടിയോ ട് അനുബന്ധിച്ച് ജയിൽ അന്തേവാസികളുടെ കലാകായിക മൽസരങ്ങളും, വിവിധ കലാ സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ